**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5450** **05-07-2024 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് മണ്ഡലത്തിലെ പഞ്ചായത്തുകളിലെ കെ.എസ്.ആർ.ടി.സി. സർവീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിൽ കെ.എസ്.ആർ.ടി.സി. ബസ് സർവീസ് നടത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് മണ്ഡലത്തിലെ ബദിയടുക്ക, ചെങ്കള, കാറഡുക്ക, മധൂർ, മൊഗ്രാൽ പുത്തൂർ എന്നീ അഞ്ച് പഞ്ചായത്തുകളിൽ കെ.എസ്.ആർ.ടി.സി. ബസ് സർവീസ് നടത്തുന്നുണ്ട്. |
| (ബി) | എത്രകാലമായി പ്രസ്തുത സർവീസുകൾ നടത്തുന്നുണ്ടെന്നും ദിവസ വരുമാനം എത്രയാണെന്നും റൂട്ട് തിരിച്ച് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത സർവീസുകളെല്ലാം 15 വർഷത്തിന് മുകളിലായി നടത്തുന്നുണ്ട്.<br><br>പുത്തൂർ - 19,885/-<br><br>സുള്ള്യ - 18,728/-<br><br>ബന്തടുക്ക - 13,618/-<br><br>സുബ്രഹ്മണ്യം - 16,463/-<br><br>കണ്ണൂർ - 18,000/-<br><br>മംഗലാപുരം - 23,270/-<br><br>കുമ്പള (ഗ്രാമവണ്ടി) - 4,302/- (2023 മുതൽ) |
| (സി) | നേരത്തെ ഉണ്ടായിരുന്ന സർവീസുകൾ ഏതെങ്കിലും പഞ്ചായത്തിൽ റദ്ദ് ചെയ്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സർവീസുകൾ ആരംഭിച്ചതും റദ്ദ് ചെയ്തതും എപ്പോഴാണെന്ന് വ്യക്തമാക്കാമോ; | (സി) | കോവിഡ് മഹാമാരിക്ക് മുമ്പ് കാസർഗോഡ് മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ നടത്തി വന്നിരുന്ന സർവീസുകളിൽ യാത്രക്കാർക്ക് ഗുണകരവും കോർപ്പറേഷന് വരുമാനവും ലഭിച്ച് വന്നിരുന്ന ട്രിപ്പുകൾ / സർവീസുകൾ പുനഃക്രമീകരിച്ച് നടത്തിവരുന്നുണ്ട്. എന്നാൽ ഡീസൽ അടക്കമുള്ള പ്രവർത്തന ചെലവ് പോലും ലഭ്യമാക്കാത്ത തീരെ കുറഞ്ഞ വരുമാനം ലഭിച്ച് വന്നിരുന്ന 12.05 ആദൂർ - മല്ലം, 11.20 കാട്ടുക്കുക്കൈ എന്നീ സർവീസുകൾ നിർത്തിയിട്ടുണ്ട്. |
| (ഡി) | സർവീസുകൾ റദ്ദ് ചെയ്യാനുള്ള കാരണം എന്താണെന്നും ഇനി പുനരാരംഭിക്കുമോയെന്നും എങ്കിൽ എപ്പോഴാണെന്നും വ്യക്തമാക്കാമോ? | (ഡി) | വരുമാനക്കുറവ് മൂലമാണ് പ്രസ്തുത സർവീസുകൾ നിർത്തിയത്. സർവീസുകൾ പുനരാരംഭിക്കുന്ന കാര്യം സാധ്യതാപഠനം നടത്തി പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ